പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4217 — 21.07.2015 ലെ മറുപടിയ്ക്ക്

## കൃഷിക്കാരുടെ ഉന്നമനത്തിനായി പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിക്കാരുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിവരിക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയ കാർഷിക പദ്ധതികളെല്ലാം തന്നെ കൃഷിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കിയിട്ടുള്ളതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) കൃഷിക്കാരുടെ ക്ഷേമത്തിനും കൃഷി വികസനത്തിനുമായി കൃഷി വകുപ്പിൽ നിന്നും പുതിയ വായ്പാപദ്ധതികൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; വിവരിക്കുമോ ? | (ബി) | കൃഷി വകുപ്പ് മുഖേന വായ്പാ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. കൃഷി ചെയ്യുന്ന വിസ്തീർണ്ണമനുസരിച്ചോ ഉല്പാദന ഉപാധികൾക്കോ പദ്ധതി നിബന്ധനകളനുസരിച്ചുള്ള ധനസഹായം (സബ്സിഡി) ആണ് കൃഷി വകുപ്പ് മുഖേന നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരമേറ്റശേഷം കൃഷിക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ കാർഷിക വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

### കൃഷി വികസന പദ്ധതികൾ

കേരളത്തിലെ പ്രധാന വിളകളായ തെങ്ങ്, നെല്ല്, പച്ചക്കറി എന്നിവയ്ക്ക് കൃഷി വകുപ്പ് മുഖേന വിത്ത് മുതൽ വിപണി വരെ ധനസഹായം നൽകുന്നു. സൗജന്യനിരക്കിൽ വിത്ത്/നടീൽ വസ്തുക്കൾ, ഉല്പാദനോപാധികൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, കീട-രോഗ ബാധ നിയന്ത്രണം എന്നിവയ്ക്കായി 2011-12 മുതൽ 2014-15 വരെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ഇതേ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### കാർഷിക യന്ത്രവത്കരണം

കർഷകത്തൊഴിലാളി ദൗർലഭ്യത്തിന് പരിഹാരമായി തെരഞ്ഞെടുത്ത 200 ഗ്രാമ പഞ്ചായത്തുകളിൽ കാർഷിക കർമ്മസേനയും 50 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകളും ആരംഭിച്ചു. കർഷകരുടെ ആവശ്യാനുസരണം കൃഷിയിടങ്ങളിലെത്തി കൃഷിപ്പണികൾ മിതമായ നിരക്കിൽ യന്ത്രസഹായത്തോടെ ചെയ്തു കൊടുക്കുന്നു. ഇതു കൂടാതെ വിവിധ പദ്ധതികളുടെ ഭാഗമായും കാർഷിക യന്ത്രങ്ങൾക്ക് സബ്സിഡി നല്കി വരുന്നു.

### കീടരോഗ നിയന്ത്രണം

വിള ആരോഗ്യ പരിപാലനം എന്ന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെ കീട-രോഗ ബാധയെക്കുറിച്ച് നിരീക്ഷണവും വിള ആരോഗ്യ ക്ലിനിക്കുകളും നടപ്പിലാക്കി വരുന്നു.

### ഹൈടെക് കൃഷിരീതികൾ

[illegible] കൃഷി, ഫെർട്ടിഗേഷൻ, കൃത്യതാകൃഷി, മഴമറ തുടങ്ങിയ ആധുനിക കൃഷിരീതികൾ നടപ്പിലാക്കുന്നതിനായി 50-75% വരെ ധനസഹായം നൽകി വരുന്നു.

### വിജ്ഞാന വ്യാപന പദ്ധതികൾ

കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന 'ലീഡ്സ്' പദ്ധതി, സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന 'ആത്മ', 'ആത്മ പ്ലസ്' പദ്ധതികൾ എന്നിവയിലൂടെ വിജ്ഞാന വ്യാപനം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. വിവിധ പരിശീലന പരിപാടികൾ, പഠനയാത്ര, ഫീൽഡ് സ്കൂൾ, പ്രദർശനത്തോട്ടം എന്നിവ ഇതിലെ പ്രധാന ഘടകങ്ങളാണ്. ഇതോടൊപ്പം തന്നെ കാർഷിക വികസന സമിതിയോഗങ്ങൾ, കർഷക മേളകൾ, അഗ്രോക്ലിനിക് മുതലായവയിലൂടെയും, കാർഷിക വിജ്ഞാന വ്യാപനം നടപ്പിലാക്കുന്നുണ്ട്. മൊബൈൽ അധിഷ്ഠിത മെസ്സേജിംഗ് സർവ്വീസും ഇതിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

### വിപണനം

കൃഷി വകുപ്പിനു കീഴിലുള്ള വിവിധ മൊത്ത വ്യാപാര വിപണികളിലൂടെ കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് ലേലത്തിലൂടെ ന്യായവില ലഭ്യമാക്കുന്നു. ഇതോടൊപ്പം പ്രത്യേക സാഹചര്യങ്ങളിൽ വിപണിയിലിടപെട്ട് ഉല്പന്നവില സ്ഥിരത ഉറപ്പാക്കുവാനും നടപടിയുണ്ട്. സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം, കേരഫെഡ് മുഖേനയുള്ള പച്ചനാളികേര സംഭരണം എന്നിവ ഉല്പന്നങ്ങളുടെ വിപണനവില ഉയർത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

### വിള ഇൻഷ്വറൻസ് പദ്ധതി

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നതിലൂടെ വിളനാശം സംഭവിക്കുന്ന കർഷകർക്ക് സമാശ്വാസം പകർന്നു വരുന്നു.

**<u>ജൈവകൃഷി വികസനം</u>**

2012-13 വർഷം കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിച്ചു. ഇതോടൊപ്പം ഇടുക്കി, വയനാട് ജില്ലകളിലും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ജൈവവള യൂണിറ്റ് നിർമ്മാണത്തിന് ധനസഹായം എന്നിങ്ങനെയുള്ള സഹായങ്ങളാണ് കർഷകർക്ക് ഇതിലൂടെ നൽകി വരുന്നത്. സംസ്ഥാനത്തുടനീളം ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള സമ്പൂർണ്ണ ജൈവമണ്ഡലം പദ്ധതിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**<u>കർഷക പെൻഷൻ</u>**

60 വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് മാസം 600 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**